# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 55

2 9.06..2015- ലെ മറുപടിക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി മുഹമ്മദ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്. 2015 ഫെബ്രുവരി 1 മുതൽ മാർച്ച് 30 വരെയായിരുന്നു ഈ പദ്ധതിയുടെ കാലയളവ് എങ്കിലും സഹകാരികളുടെ അപേക്ഷയെ തുടർന്ന് ഏപ്രിൽ 30 വരെ ദീർഘിപ്പിക്കുകയുണ്ടായി. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കിയത്.<br><br>10 ലക്ഷം രൂപാവരെയുള്ള വായ്പകൾ സഹകരണ അദാലത്തിലൂടെയും 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും അടച്ചുതീർക്കുന്നതിനും മരണപ്പെട്ടവർ മാരക രോഗം ബാധിച്ചവർ/ മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പാക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ, തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടേയും വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ ഈ പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. |

| | |
|---|---|
| ബി) പ്രസ്തുത പദ്ധതികൾ മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്<br>ടി പദ്ധതി പ്രകാരം 30.4.2015 ലെ സ്ഥിതി അനുസരിച്ച് കാർഷികവും കാർഷികേതരവുമായ വായ്പകളിലായി കുടിശ്ശികയായ വായ്പകളിലെ 3214.20 കോടി രൂപയുടെ മുതലും 816.78 കോടി രൂപയുടെ പലിശയുംകൂടി ആകെ 4030.98 കോടി രൂപ ഈടാക്കിയെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| സി) പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് ഇതുവരെ നൽകിയതെന്ന് വെളിപ്പെടുത്തുമോ ; | (സി) മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ/മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ, വായ്പാക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റേയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകിയിട്ടുണ്ട്. ആശ്വാസ് 2015 പദ്ധതി പ്രകാരം 30.4.2015ലെ സ്ഥിതി അനുസരിച്ച് 5,53,800 എണ്ണം കാർഷിക/കാർഷികേതര വായ്പകളിലായി 140.54 കോടി രൂപ പിഴപ്പലിശയിനത്തിലും മറ്റ് ചെലവുകൾ ഇനത്തിലും ഇളവ് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കുടിശ്ശിക വായ്പകളിൽ 3214.20 കോടി രൂപ മുതലിനത്തിലും 816.78 കോടി രൂപ പലിശയിനത്തിലും ഉൾപ്പെടെ ആകെ 4030.98 കോടി രൂപ ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്. |
| ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കുമോ? | ഡി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാസഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അർബൻ സഹകരണ സംഘങ്ങൾ , പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ , ജീവനക്കാരുടെ സഹകരണ സംഘങ്ങൾ , പ്രാഥമിക ഭവന സംഘങ്ങൾ , വായ്പാ വിതരണം നടത്തുന്ന മറ്റു സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാ തലത്തിലുമുള്ള സംഘങ്ങൾ/ബാങ്കുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

Hayeryan

**സെക്ഷൻ ഓഫീസർ**